സാമൂഹ്യ സുരക്ഷാ പെൻഷനുകളെ സംബന്ധിച്ച് സ്ഥിരമായി ഉയരുന്ന ചോദ്യങ്ങളും ഉത്തരങ്ങളും

**1. എന്താണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ?**

സമൂഹത്തിൽ താഴെ തട്ടിൽ ജീവിക്കുന്ന വ്യക്തികൾക്ക് തങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കാൻ സർക്കാർ നൽകുന്ന സഹായമാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ.

**2. സാമൂഹ്യ സുരക്ഷാ പെൻഷൻ എന്ന ആശയത്തിന്റെ അടിസ്ഥാനം എന്താണ്?**

ഭാരതത്തിന്റെ ഭരണ ഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന 41-ാം അനുഛേദത്തിൽ രാഷ്ട്രം അതിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ അവശരും വികലാംഗരും വൃദ്ധരും അശരണരുമായ വ്യക്തികൾക്ക് സഹായഹസ്തം നൽകേണ്ടതുണ്ട് എന്ന് ഉൾക്കൊള്ളിച്ചിരിക്കുന്നതാണ് സാമൂഹ്യ സുരക്ഷാ പെൻഷന്റെ അടിസ്ഥാനം.

**3. എത്ര തരം സാമൂഹ്യ സുരക്ഷാ പെൻഷനാണ് നിലവിൽ നൽകിവരുന്നത്?**

നിലവിൽ 5 തരം സാമൂഹ്യ സുരക്ഷാ പെൻഷനാണ് കേരള സർക്കാർ നൽകി വരുന്നത് അവ-

1. ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ
2. ഇന്ദിരാഗാന്ധി ദേശിയ വിധവാ പെൻഷൻ
3. ഇന്ദിരാഗാന്ധി ദേശിയ വികലാംഗ പെൻഷൻ
4. കർഷക തൊഴിലാളി പെൻഷൻ
5. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ.

**4.കേരളത്തിൽ എത്ര പേർക്ക് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി വരുന്നു (2018) ?**

42.19 ലക്ഷം.

**5. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ ആരെ സമീപിക്കണം ?**

ഒരു വ്യക്തി അവർ താമസിക്കുന്ന സ്ഥലത്തെ പ്രാദേശിക സർക്കാർ (ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ) സെക്രട്ടറിയെയാണ് സമീപിക്കേണ്ടത്

**6. ആർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയുള്ളത് ?**

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. ( സഉ( എംഎസ്) 483/2017/ധന തിയതി 06/11/2017, സഉ( എംഎസ്) 241/2018/ധന തിയതി 06/07/2018 )

1. 60 വയസ്സ് പൂർത്തിയാകണം (വാർദ്ധക്യ കാല പെൻഷനും, കർഷകത്തൊഴിലാളി പെൻഷനും മാത്രം ബാധകം)
2. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടരുത്.
3. ആദായ നികുതി നൽകുന്നവരാകരുത്.
4. സർവ്വീസ് പെൻഷണർ ആകരുത്.
5. കുടുംബത്തിൽ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് ( ഇത് പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല)
6. സ്വന്തംപേരിൽ 1000 CC യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള (ടാക്സി ഒഴികെ)4 ചക്രവാഹനം ഉണ്ടാകരുത്
7. സ്വന്തമായി 1200 ചതുര അടിയിൽ കൂടുതൽ വിസ്തൃതിയുള്ള വീട്ടിൽ താമസിക്കുന്നവരാകരുത്.

**7. നിലവിൽ എത്ര രൂപയാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ നൽകി വരുന്നത് ?**

നിലവിൽ 1100/- രൂപയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി കേരള സർക്കാർ നൽകി വരുന്നത്. എന്നാൽ അതിൽ കൂടുതലായി നൽകുന്ന അവസരങ്ങളുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. 75 വയസ്സ് കഴിഞ്ഞ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കൾക്ക് – 1500 രൂപ
2. 80 % ഉം അതിന് മുകളിലും വൈകല്യമുള്ളവർക്ക് – 1300 രൂപ

**8. സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് എത്ര രൂപ പ്രതിമാസം സർക്കാർ ചെലവഴിക്കുന്നുണ്ട്?**

ഇതിലേക്കായി ഏതാണ്ട് 486 കോടിയോളം രൂപ പ്രതിമാസം സർക്കാർ ചെലവഴിക്കുന്നുണ്ട്. (2018 വർഷത്തെ കണക്കുകൾ പ്രകാരം)

**9. ഒരാൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്താണ് ?**

1. ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ പ്രാദേശിക സർക്കാരിൽ സമർപ്പിക്കുക.
2. അപേക്ഷയിന്മേൽ പ്രാദേശിക സർക്കാർ സെക്രട്ടറി അന്വേഷണം നടത്തുന്നു.
3. പ്രസ്തുത അന്വേഷണ റിപ്പോർട്ട് പ്രാദേശിക സർക്കാർ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ശേഷം ഭരണ സമിതി പെൻഷൻ അപേക്ഷ അംഗീകരിക്കുന്നു.
4. അതിന് ശേഷം അപേക്ഷ ഡേറ്റാ എൻട്രി നടത്തുകയും പ്രാദേശിക സർക്കാർ സെക്രട്ടറി ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തുന്നതോട് കൂടി അപേക്ഷകന് പെൻഷൻ അനുവദിക്കപ്പെടുന്നു.

**10. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകന് എങ്ങനെയാണ് വിതരണം ചെയ്യപ്പെടുന്നത് ?**

നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ രണ്ട് മാർഗ്ഗങ്ങളിലൂടെയാണ് വിതരണം ചെയ്ത് വരുന്നത്. ഒന്ന് പ്രാഥമിക സഹകരണ സംഘങ്ങളിലെ ഏജന്റുമാർ മുഖാന്തിരം ഗുണഭോക്താവിന്റെ വീട്ടിൽ കൊണ്ട് ചെന്ന് നൽകുന്നു. രണ്ട് ഗുണഭോക്താവിന്റെ പേരിൽ ഷെഡ്യൂൾഡ്/ ദേശസാൽകൃത ബാങ്കിൽ നിലവിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

ഏത് വിധേന പെൻഷൻ ലഭിക്കണമെന്ന് ഗുണഭോക്താവിന് തീരുമാനിക്കാവുന്നതാണ്

**11. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പെൻഷൻ വീട്ടിൽ കൊണ്ട് ചെന്ന് നൽകുന്നതിന് സർക്കാരിന് അധിക ബാധ്യതയുണ്ടോ ?**

ഒരു ഗുണഭോക്താവിന് പെൻഷൻ വീട്ടിൽ കൊണ്ട് ചെന്ന് കൊടുക്കുന്നതിന് സർക്കാരിന് ഓരോ പ്രാവശ്യവും 50 രൂപ ചെലവാകുന്നുണ്ട്. ഇതിൽ 40 രൂപ വിതരണം ചെയ്യുന്ന ഏജന്റിനും 10 രൂപ സഹകരണ സംഘത്തിനും ലഭിക്കുന്നു. ഈ അധിക ബാധ്യത സർക്കാരാണ് വഹിക്കുന്നത്.

**12. സാമൂഹ്യ സുരക്ഷാ പെൻഷന് കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടോ ?**

കേരളത്തിൽ നൽകുന്ന 5 സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയ്ക്ക് പ്രതി വർഷം ഏകദേശം 120 കോടി രൂപയാണ് ഈ ഇനത്തിൽ ലഭിക്കുന്നത്.

**13. കേരളത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന എല്ലാ വ്യക്തികൾക്കും പെൻഷന്റെ കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടോ?**

കേന്ദ്ര സർക്കാരിന്റെ നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം പ്രകാരം അർഹരായ വ്യക്തികൾക്ക് മാത്രമാണ് കേന്ദ്ര സർക്കാർ വിഹിതം നൽകുന്നത്. ഇത് പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവർക്ക് മാത്രമാണ് പെൻഷൻ ലഭിക്കാൻ അർഹതയുള്ളത്.

കേന്ദ്ര വിഹിതത്തിന്റെ നിരക്കുകൾ

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 60 നും 79 നും ഇടയിൽ പ്രായമുള്ളവർക്ക് | പ്രതിമാസം 200 രൂപ |
| | 80 ഉം അതിന് മുകളിൽ പ്രായമുള്ളവർ | പ്രതിമാസം 500 രൂപ |
| വിധവാ പെൻഷൻ (NSAP പ്രകാരം 40 വയസ്സ് കഴിഞ്ഞവർക്കാണ് വിധവാ പെൻഷൻ ലഭിക്കാൻ അർഹത | 40 മുതൽ 79 വരെ | പ്രതിമാസം 300 രൂപ |
| | 80 വയസ്സ് മുതൽ | പ്രതിമാസം 500 രൂപ |
| വികലാംഗ പെൻഷൻ (NSAP പ്രകാരം 18 വയസ്സ് കഴിഞ്ഞവർ 80% ൽ അധികം വൈകല്യം ഉള്ളവർക്ക് മാത്രമാണ് ഈ പെൻഷന് അർഹതയുള്ളത് | 18-79 | പ്രതിമാസം 300 രൂപ |
| | 80 വയസ്സും അതിന് മുകളിലും | പ്രതിമാസം 500 രൂപ |

**14. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് NSAP (നാഷണൽ സോഷ്യൽ അസ്സിസ്റ്റൻസ് പ്രോഗ്രാം) പ്രകാരമുള്ള മാനദണ്ഡങ്ങൾ മാത്രമാണോ കേരള സർക്കാർ അവലംബിക്കുന്നത്?**

സാമൂഹ്യ സുരക്ഷാ പെൻഷന്റെ പ്രാധാന്യവും കേരള സംസ്ഥാനത്തിന്റെ സാഹചര്യങ്ങളും പരിഗണിച്ചാണ് കേരള സർക്കാർ മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർക്കുന്നു.

| കേരള സർക്കാരിന്റെ മാനദണ്ഡങ്ങൾ | NSAP പ്രകാരമുള്ള മാനദണ്ഡങ്ങൾ |
|---|---|
| 1. 60 വയസ്സ് പൂർത്തിയാകണം (വാർദ്ധക്യ കാല പെൻഷനും, കർഷകത്തൊഴിലാളി പെൻഷനും മാത്രം ബാധകം)<br>2. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടരുത്.<br>3. ആദായ നികുതി നൽകുന്നവരാകരുത്.<br>4. സർവ്വീസ് പെൻഷണർ ആകരുത്.<br>5. കുടുംബത്തിൽ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് (ഇത് പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല)<br>6. സ്വന്തപേരിൽ 1000 cc യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള (ടാക്സി ഒഴികെ)4 ചക്രവാഹനം ഉണ്ടാകരുത്<br>7. സ്വന്തമായി 1200 ചതുര അടിയിൽ കൂടുതൽ വിസ്തൃതിയുള്ള വീട്ടിൽ താമസിക്കുന്നവരാകരുത്. | 1. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാകണം.<br><br>2. 60 വയസ്സ് പൂർത്തിയാകണം |

**15. കേരളത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത് ദാരിദ്ര്യരേഖ അടിസ്ഥാനമാക്കിയാണോ?**

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് കേരള സർക്കാർ ദാരിദ്ര്യ രേഖ ഒരു മാനദണ്ഡമാക്കിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ അർഹതാ മാനദണ്ഡങ്ങൾ പ്രകാരമാണെങ്കിൽ 6.5 ലക്ഷം പേർക്ക് മാത്രമാണ് കേരളത്തിൽ പെൻഷൻ ലഭിക്കാൻ അർഹതയുള്ളത്. എന്നാൽ കേരളത്തിൽ നിലവിൽ 42.2 ലക്ഷത്തോളം പേർക്ക് പെൻഷൻ നൽകുന്നുണ്ട്.

**16. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടോ? അനർഹരെ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത് ?**

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ അനർഹർ ഉൾപെട്ടിട്ടുണ്ടെന്ന് സർക്കാരിൽ വിവരം ലഭിച്ചിട്ടുണ്ട്. ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അനന്തരാവകാശികളും വിധവാ പെൻഷൻ ലഭിച്ച് വന്നിരുന്നവർ പുനർ വിവാഹം ചെയ്തതിന് ശേഷവും തുടർന്നും പെൻഷൻ കൈപ്പറ്റുന്ന സാഹചര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരക്കാരെ കണ്ടെത്തി ഒഴിവാക്കാൻ പ്രാദേശിക സർക്കാരുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഒരു സർവ്വേ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരുകളിൽ നടത്താൻ

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ( സ ഉ( സാധാ) 2182/2018/ധന തീയതി 19/03/2018) പ്രസ്തുത സർവ്വേയിൽ തന്നെ ധാരാളം അനർഹർ പെൻഷൻ വാങ്ങുന്നു എന്ന് വ്യക്തമായിട്ടുണ്ട്. ഇത് സംബന്ധിച്ച സംസ്ഥാന വ്യാപകമായി നേരിട്ട് വീടുകൾ സന്ദർശിച്ച് ഒരു പരിശോധന ദേശിയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജന്റുമാർ മുഖേന നടത്താൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ( സ ഉ ( എംഎസ്) 241/2018/ധന തീയതി 06/07/2018)

**17. അനർഹർക്ക് പെൻഷൻ ലഭിക്കുന്ന സാഹചര്യം എങ്ങനെ ഒഴിവാക്കാനാകും ?**

പ്രാദേശിക സർക്കാരിലെ ജനപ്രതിനിധികൾ അപേക്ഷയിന്മേൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ, പ്രാദേശിക സർക്കാർ സെക്രട്ടറി എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ അനർഹർ ഡേറ്റാ ബേസിൽ ഉൾപ്പെടുന്നത് തടയാനാകു.

**18. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് ആധാർ നിർബന്ധമാണോ ?**

അർഹതാ മാനദണ്ഡങ്ങൾ പ്രകാരം പെൻഷൻ അനുവദിക്കപ്പെടുന്നതിനും ലഭിക്കുന്നതിനും ആധാർ നിർബന്ധമില്ല. എന്നാൽ പെൻഷൻ ലഭിക്കുന്ന വ്യക്തി യഥാർത്ഥ ഗുണഭോക്താവ് ആണോ , ഒരു വ്യക്തിക്ക് ഒന്നിലധികം പെൻഷൻ ലഭിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുന്നതിലേക്ക് ആധാർ ഉപയോഗിക്കപ്പെടുന്നുണ്ട്. ഒരാൾ തന്നെ ഒന്നിലധികം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നതും ക്ഷേമനിധി ബോർഡ് പെൻഷനോടൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നതും തടയേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ആത്യാവശ്യമാണ്. അതിലേക്കാണ് ആധാർ ഉപയോഗപ്പെടുത്തുന്നത്. എന്നിരുന്നാലും, ആധാർ എടുക്കാൻ കഴിയാത്തവർ, കിടപ്പ് രോഗികൾ, 80%ൽ അധികം വൈകല്യം മുള്ളവർ, 85 വയസ്സ് കഴിഞ്ഞവർ എന്നിവർക്ക് ആധാറിന് പകരം മറ്റ് തിരിച്ചറിയൽ രേഖകൾ സമർപ്പിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ( സഉ( എംഎസ്) 483/2017/ധന തിയതി 06/11/2017)

**19. ഒരാൾക്ക് ഒന്നിൽ കൂടുതൽ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടോ?**

06/02/2017 നു മുൻപ് പെൻഷൻ വാങ്ങി വന്നിരുന്നവർക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ ഉയർന്ന നിരക്കിലും ഏതെങ്കിലുമൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ

നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ തനതു ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡിലെ പെൻഷനുകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഉയർന്ന നിരക്കിൽ ലഭിക്കും. EPF പെൻഷൻകാർക്ക് ക്ഷേമനിധി ബോർഡ് പെൻഷനോ, സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒന്ന് ഉയർന്ന നിരക്കിൽ ലഭിക്കുന്നതാണ്. എന്നാൽ 06/02/2017 മുതൽ ഒരാൾക്ക് ഒരു പെൻഷന് മാത്രമേ അർഹതയുള്ളൂ. എന്നാൽ വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി മറ്റൊരു പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ വാങ്ങുന്നവർ, ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർ എന്നിവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമ നിധി ബോർഡ് പെൻഷൻ ( ഇ പി എഫ് പെൻഷൻകാർക്ക് മാത്രം ബാധകം ) 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.

**20. അനർഹമായി പെൻഷൻ വാങ്ങി വന്നിരുന്നു എന്ന് കണ്ടെത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത്?**

സർക്കാരിനെ കബളിപ്പിച്ച് അനർഹമായി വാങ്ങിയ തുക തിരിച്ച് പിടിക്കുകയും ഇത്തരത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് അനധികൃതമായി പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാർ സെക്രട്ടറിയും പരിശോധന നടത്തിയ ഉദ്യോഗസ്ഥരും ബാധ്യസ്ഥരായിരിക്കുമെന്നും പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ( സർക്കുലർ നമ്പർ എസ് എഫ് സി-ബി2/53/2017/ധന തിയതി 22/01/2018 )

**21. ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മേൽ ഉത്തരവുകളും സർക്കുലറുകളും ധനകാര്യ വകുപ്പിന്റെ വെബ് സൈറ്റായ www.finance.kerala.gov.in - ൽ ലഭ്യമാണ്.**

**22. ധനകാര്യ വകുപ്പിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈകാര്യം ചെയ്യുന്ന സെക്ഷന്റേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും വിവരങ്ങൾ**

ധനകാര്യ (എസ് എഫ് സി - ബി) സെക്ഷൻ , സൗത്ത് സാൻഡ് വിച്ച് ബ്ലോക്ക് 4-ആം നില , ഗവൺമെന്റ് സെക്രട്ടറിയേറ്റ് , തിരുവനന്തപുരം ഫോൺ : 0471 2518909 , email-ssp.keralafinance@gmail.com

ശ്രീ പ്രതീപ് കുമാർ  ബി , ധനകാര്യ ജോയിന്റ് സെക്രട്ടറി ( 0471–2518909)

ശ്രീ   സുരേഷ്  കുമാർ ഒ ബി , ധനകാര്യ അണ്ടർ  സെക്രട്ടറി ( 0471  2305811)

ശ്രീമതി സ്മിത എം ,  സെക്ഷൻ  ഓഫീസർ  ( 0471 2518909)

സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് പ്രധാന സർക്കാർ  ഉത്തരവുകളും  സർക്കുലറുകളും ഏതെല്ലാമാണ്

| സർക്കാർ ഉത്തരവ് / സർക്കുലർ | ബന്ധപ്പെട്ട വിഷയം | |
|---|---|---|
| സ.ഉ( എം.എസ്) 483/2017/ധന തിയതി 06/11/2017 | സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങൾ , ബന്ധപ്പെട്ട വിഷയങ്ങൾ ക്രോഡീകരിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് | |
| സർക്കുലർ നമ്പർ എസ് എഫ് സി–ബി2/53/2017/ധന തിയതി 22/01/2018 | മരണപ്പെട്ടവരേയും പുനർ വിവാഹം ചെയ്തവരേയും ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ | |
| സർക്കുലർ നമ്പർ എസ് എഫ് സി–ബി2/47/2017/ധന തിയതി 31/03/2018 | സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷയിന്മേൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനോട് പഞ്ചായത്ത് കമ്മിറ്റി വിയോജിക്കുന്ന സാഹചര്യത്തെ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ | |
| സ.ഉ(സാധ) 7153/2016/ധന തിയതി 30/08/2016 | പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സംഘത്തിലെ ഏജന്റിനുള്ള ഇൻസെന്റീവ് സംബന്ധിച്ച് | |
| സ.ഉ( എം എസ്)52/14/സാ ക്ഷേ വ തിയതി 20/06/2014 | സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷമായി നിജപ്പെടുത്തിയ ഉത്തരവ് | |
| സ.ഉ( എം എസ്) 93 /13 /സാനീവ തിയതി 04/11/2013 | സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള പ്രായപരിധി 60 വയസ്സായി നിജപ്പെടുത്തിയ ഉത്തരവ് | |
| സ.ഉ( എം.എസ്) 67/2017/ധന തിയതി 06/02/2017 | ഒരാൾക്ക് ഒരു പെൻഷന് മാത്രമേ അർഹതയുള്ളൂ എന്നും അതിൽ ഇളവ് അനുവദിക്കപ്പെട്ട വിഭാഗക്കാരുടെ വിവരങ്ങളും സംബന്ധിച്ച ഉത്തരവ് | |
| | | |